REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 25-02-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **രണ്ടുദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി ടെൽ അവീവിലേക്ക് യാത്ര തിരിച്ചു.**
- **ആയുർവേദം മികവാർന്ന വൈദ്യശാസ്ത്ര മേഖലയായി നിലകൊള്ളുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **വിരമിച്ച അങ്കണവാടി ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും 20 കോടി രൂപ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.**
- **സംസ്ഥാന ഊർജ്ജ സംരക്ഷണ പുരസ്കാരങ്ങൾ ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത് സമ്മാനിക്കും.**
- **ICC ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ വൈകിട്ട് ന്യൂസിലൻഡ്, ശ്രീലങ്കയെ നേരിടും.**

## വാർത്തകൾ വിശദമായി

രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനം ഇന്ത്യ-ഇസ്രായേൽ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രത്യാശ പ്രകടിപ്പിച്ചു. സന്ദർശനത്തിന് മുന്നോടിയായി നടത്തിയ പ്രസ്താവനയിൽ, തന്ത്രപരമായ പങ്കാളിത്തത്തിന് പുതിയ ലക്ഷ്യങ്ങൾ നിശ്ചയിക്കുമെന്നും ഇരു രാജ്യങ്ങൾക്കും സ്ഥിരതയും നൂതനവും സമൃദ്ധവുമായ ഭാവിക്കായി പൊതു ദർശനം മുന്നോട്ട് കൊണ്ടുപോകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

പ്രധാനമന്ത്രിയുടെ രണ്ടാമത്തെ ഇസ്രായേൽ സന്ദർശനമാണിത്. ഇസ്രായേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ടെൽ അവീവിൽ കൂടിക്കാഴ്ച

നടത്തുന്ന പ്രധാനമന്ത്രി ഇന്ത്യാ- ഇസ്രായേൽ തന്ത്രപര പങ്കാളിത്തത്തിലെ പുരോഗതി വിലയിരുത്തും.

✪✪✪

സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നതിൽ നിന്നു 'കേരളം' എന്നാക്കി മാറ്റുന്ന കേന്ദ്ര മന്ത്രിസഭാ സമിതിയുടെ തീരുമാനം സംസ്ഥാനത്തെ ജനങ്ങളുടെ ഇച്ഛാശക്തിയെയാണ് പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സംസ്കാരവുമായി ബന്ധം കരുത്തുറ്റതാക്കുന്ന ശ്രമങ്ങളുടെ ഭാഗമാണിതെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മഹാരാഷ്ട്രയിലെ ഷെഗാവോണിൽ അഖിലേന്ത്യാ ആയുർവേദ കോൺഗ്രസുമായി സഹകരിച്ച് ആയുഷ് മന്ത്രാലയം സംഘടിപ്പിക്കുന്ന ദേശീയ ആരോഗ്യ മേള ഉച്ചയ്ക്ക് രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും. ആയുർവേദം, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ, സോവ-റിഗ്പ, ഹോമിയോപ്പതി മേഖലകളിലെ പരിശോധനകൾ, മരുന്നുകൾ ഉൾപ്പടെ സന്ദർശകർക്ക് ലഭ്യമാക്കും.

✪✪✪

ആയുർവേദം മികവാർന്ന വൈദ്യശാസ്ത്ര മേഖലയായി നിലകൊള്ളുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആയുർവേദം കൂടുതൽ വികാസം പ്രാപിക്കുന്നതിനു വേണ്ടിയാണ് ആയുർവേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിരിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. കണ്ണൂർ കല്ല്യാട് ഒന്നാംഘട്ടം പൂർത്തിയായ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

അമൂല്യമായ പല ഗ്രന്ഥങ്ങളും താളിയോലകളും അതിന്റെ പ്രാധാന്യമറിയാതെ നശിപ്പിച്ചിട്ടുണ്ടെന്നും, പഴയ വൈദ്യ കുടുംബങ്ങളിലെ ഇത്തരം അറിവിന്റെ അക്ഷയ ഖനി സംരക്ഷിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. പൗരാണിക അറിവുകൾ ഗവേഷണ കേന്ദ്രത്തിലെത്തിക്കാനാവണമെന്നും അതിന് പ്രത്യേക പ്രവർത്തനം നടത്താൻ സാധിക്കണമെന്നും പിണറായി വിജയൻ പറഞ്ഞു. മന്ത്രി വീണാ ജോർജ് അധ്യക്ഷയായിരുന്നു.

✪✪✪

തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ അവലോകനം ചെയ്യാൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷന്റെ സംഘം ഇന്ന് കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിൽ എത്തും. മുഖ്യ

തിരഞ്ഞെടുപ്പ് ഓഫീസർ, ജില്ലാതിരഞ്ഞെടുപ്പ് ഓഫീസർ മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ എന്നിവരുമായി കമ്മീഷൻ അവലോകന യോഗങ്ങൾ നടത്തും.

✪✪✪

അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് തിയതികൾ പ്രഖ്യാപിക്കാനിരിക്കെ CPI ദേശീയ നേതൃയോഗങ്ങൾക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകളാണ് സെക്രട്ടേറിയറ്റ് എക്സിക്യുട്ടീവ് യോഗങ്ങളുടെ മുഖ്യ അജണ്ട.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥി നിർണയം ഉൾപ്പെടെ കാര്യങ്ങൾക്കായി CPIM സംസ്ഥാന കമ്മിറ്റിയോഗം ഈ ആഴ്ച ചേർന്നേക്കും. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളിൽ ആരൊക്കെ മത്സരിക്കണമെന്ന കാര്യത്തിലെ തീരുമാനവും  യോഗം കൈക്കൊള്ളുമെന്നാണ് കരുതുന്നത്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഇന്ന് സംസ്ഥാനത്ത് എത്തും. നാളെ കണ്ണൂരിൽ കർഷകരുമായി രാഹുൽഗാന്ധി ആശയവിനിമയം നടത്തും. വയനാട്ടിൽ കോൺഗ്രസ് നിർമ്മിക്കുന്ന വീടുകളുടെ തറക്കല്ലിടൽ ചടങ്ങിനു ശേഷം UDF ഘടകകക്ഷി നേതാക്കളുമായി രാഹുൽഗാന്ധി കൂടിക്കാഴ്ച നടത്തും.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് പ്രകടനപത്രിക തയ്യാറാക്കുന്നതിന് മുന്നോടിയായി പൊതുജനങ്ങളിൽ നിന്ന് അഭിപ്രായം ശേഖരിക്കുന്നതിന് തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും UDF ഇന്ന് പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കും. വ്യത്യസ്ത മേഖലയിൽ പ്രവർത്തിക്കുന്നവരെ പങ്കെടുപ്പിച്ചാണ് യോഗങ്ങൾ. തിരുവനന്തപുരത്ത് അല്പസമയത്തിനകം യോഗം ചേരും.

✪✪✪

2023 ൽ  സമർപ്പിച്ച J.B കോശി കമ്മീഷൻ റിപ്പോർട്ട്  ഗവൺമെന്റ് ഏറെ നാൾ പൂഴ്ത്തിവെച്ച ശേഷം ഇപ്പോൾ പുറത്തുവിട്ടിരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ്  VD സതീശൻ കുറ്റപ്പെടുത്തി. ജനങ്ങളെ കബളിപ്പിക്കുന്ന നീക്കമാണ് ഗവൺമെന്റിന്റേതെന്ന്  അദ്ദേഹം പറഞ്ഞു.  സ്പാർക്കിൽ നിന്ന്, ഗവൺമെന്റ് ഡാറ്റ മോഷ്ടിച്ചെന്നും, വിവര മോഷണം ആര്  ചെയ്താലും അത് തെറ്റാണെന്നും  സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪

സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ഡാറ്റ ചോർന്നുവെന്ന വിഷയത്തിൽ സമഗ്രാന്വേഷണം വേണമെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുടെ ഓഫീസാണ് ജീവനക്കാരുടെ വിവരങ്ങൾ കൈമാറാൻ ആവശ്യപ്പെട്ടതെന്നും ഇത് സ്വകാര്യതാ കടന്നുകയറ്റമാണെന്നും രമേശ് ചെന്നിത്തല ആരോപിച്ചു.

✪✪✪

വിരമിച്ച അങ്കണവാടി ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ 20 കോടി രൂപ അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. അങ്കണവാടി വർക്കർമാരുടെയും ഹെൽപർമാരുടെയും ക്ഷേമനിധി ബോർഡിനാണ് സാമ്പത്തിക സഹായം ലഭ്യമാക്കിയത്.

✪✪✪

എറണാകുളം ബ്രഹ്മപുരത്ത് ഖരമാലിന്യ അധിഷ്ഠിത കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് മറ്റന്നാൾ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി MB രാജേഷ് അധ്യക്ഷനാവുന്ന ചടങ്ങിൽ മന്ത്രി P രാജീവ്, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തുടങ്ങിയവരും പങ്കെടുക്കും. എറണാകുളം ജില്ലയുടെ മാലിന്യ സംസ്കരണ രംഗത്ത് നിർണ്ണായക ചുവടുവെപ്പുകൂടിയാണിത്.

✪✪✪

ഏഷ്യയിലെ ഏറ്റവും നീളമേറിയ ഡ്രൈവ് ഇൻ ബീച്ചായ കണ്ണൂർ മുഴപ്പിലങ്ങാട്, KTDC ആരംഭിക്കുന്ന മലബാർ കോർട്യാഡ് റിസോട്ട് ഇന്ന് പ്രവർത്തനം ആരംഭിക്കും. വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും .

കിഫ്ബി സഹായത്തോടെ 51 കോടി 86 ലക്ഷം രൂപ ചെലവിലാണ് റിസോർട്ട് നിർമ്മിച്ചത്.

✪✪✪

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയ സംസ്ഥാന ഊർജ്ജസംരക്ഷണ പുരസ്കാരങ്ങൾ ഇന്ന് സമർപ്പിക്കും. ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് തിരുവനന്തപുരത്ത് മന്ത്രി K കൃഷ്ണൻകുട്ടി പുരസ്കാരങ്ങൾ വിതരണം ചെയ്യും.

✪✪✪

കോഴിക്കോട് കോർപ്പറേഷനിലെ പഴയ കെട്ടിടങ്ങളുടെ പരിശോധനയിൽ വീഴ്ച വന്നോ എന്ന് അന്വേഷിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് വലിയങ്ങാടിയിൽ അപകടസ്ഥലം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. വിഷയം തദ്ദേശ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ടെന്നും കർക്കശ നിലപാട് സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. സ്വകാര്യ കെട്ടിടങ്ങളും പരിശോധിക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കാലപ്പഴക്കമേറിയതും അപകടാവസ്ഥയിലായതുമായ എല്ലാ ഗവൺമെന്റ് - അർധ ഗവൺമെന്റ് - തദ്ദേശ സ്ഥാപന കെട്ടിടങ്ങൾ അടിയന്തരമായി പരിശോധിച്ച് അറ്റകുറ്റപണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ആവശ്യപ്പെട്ടു.

കോഴിക്കോട് വലിയങ്ങാടിയിൽ കെട്ടിടം തകർന്ന് തൊഴിലാളികൾ മരിച്ച സംഭവത്തെ കുറിച്ച് കോർപ്പറേഷൻ സെക്രട്ടറിയും ജില്ലാ കളക്ടറും അടിയന്തര അന്വേഷണം നടത്തി ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

✪✪✪

ICC ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഗ്രൂപ്പ് 2 സൂപ്പർ 8 മത്സരത്തിൽ ന്യൂസിലൻഡ്, ശ്രീലങ്കയെ നേരിടും. കൊളംബോയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ വൈകീട്ട് ഏഴിനാണ് മത്സരം.

✪✪✪

ആർട്ടിസ്റ്റ് നമ്പൂതിരിയുടെ ചിത്രങ്ങൾ പാലക്കാട് V.T ഭട്ടതിരിപ്പാട് സ്മാരക സാംസ്കാരിക സമുച്ചയത്തിൽ പ്രദർശിപ്പിക്കുന്നതിന് കേരള ലളിതകലാ അക്കാദമിക്ക് കൈമാറി. ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റാണ് ഒറിജിനൽ ചിത്രങ്ങൾ അക്കാദമിക്ക് കൈമാറിയത്.

പാലക്കാട് നിന്ന് ഫൈസൽ അലി മുത്ത്.

....(വോയ്സ്)...........

✪✪✪

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് പൂരത്തിന് വൈകിട്ട് തുടക്കമാകും. രാത്രി 11-ന് അരകുറുശ്ശി ഉദയർകുന്ന് ഭഗവതിക്ഷേത്രത്തിൽ ആദ്യ ആറാട്ട്

എഴുന്നള്ളിപ്പോടെ ആരംഭിക്കുന്ന പൂരം മാർച്ച് നാല് വരെ തുടരും. ആദിവാസി സമൂഹത്തിന്റെ പങ്കാളിത്തമാണ് പൂരത്തിന്റെ സവിശേഷത. കുടിയേറ്റക്കാരായ അന്യദേശക്കാരെ ആദരിക്കുന്ന ചെട്ടിവേല, സാംസ്കാരിക ഘോഷയാത്ര, വാദ്യകലാ പരിപാടികൾ എന്നിവ മണ്ണാർക്കാട് പൂരത്തിന് പൊലിമയേകും.

✪✪✪

സ്വർണ്ണവില പവന് 80 രൂപ കൂടി ഒരു ലക്ഷത്തി 18,720 രൂപയായി. 14,840 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കേരള ആംഡ് പൊലീസ് നാലാം ബറ്റാലിയനിൽ സംയുക്ത പാസിംഗ് ഔട്ട് പരേഡ് നാളെ നടത്തും. മലബാർ സ്പെഷ്യൽ പൊലീസ്, KAP രണ്ട്, നാല് , ഇന്ത്യാ റിസർവ് ബറ്റാലിയൻ എന്നിവിടങ്ങളിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ 371 സേനാംഗങ്ങളാണ് സംയുക്ത പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുക്കുന്നത്.

രാവിലെ കണ്ണൂർ മാങ്ങാട്ടുപറമ്പയിലെ കേരള ആംഡ് പൊലീസ് നാലാം ബറ്റാലിയൻ പരേഡ് ഗ്രൗണ്ടിൽ സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ പരേഡിന്റെ അഭിവാദ്യം സ്വീകരിക്കും.

✪✪✪

സമുദായ ആചാര്യൻ മന്നത്ത് പത്മനാഭന്റെ 56-ാം ചരമവാർഷികം സംസ്ഥാനത്ത് വിവിധ പരിപാടികളോടെ ഇന്ന് ആചരിക്കുന്നു. ചങ്ങനാശ്ശേരി പെരുന്നയിലെ മന്നം സമാധിയിൽ പ്രത്യേക പ്രാർത്ഥനയും ഉപവാസവും സംഘടിപ്പിച്ചിട്ടുണ്ട്. NSS കരയോഗങ്ങളിൽ പ്രത്യേക പ്രാർത്ഥനയും പുഷ്പാർച്ചന ചടങ്ങുകളും ഉണ്ടാകും.

✪✪✪

പലിശരഹിത സ്വർണ്ണ വായ്പ നൽകാമെന്ന് വിശ്വസിപ്പിച്ച് വീട്ടമ്മയുടെ സ്വർണ്ണവും പണവും തട്ടിയെടുത്ത കേസിലെ ഒന്നാം പ്രതിയെ കണ്ണൂർ ധർമ്മടം പൊലീസ് അറസ്റ്റ് ചെയ്തു. എടക്കാട് സ്വദേശി PP ഇസ്മയിൽ ആണ് കൊച്ചിയിൽ പിടിയിലായത്. കേസിൽ നാല് പേർ നേരത്തെ പിടിയിലായിരുന്നു.

✪✪✪

തിരൂർ മലയാള സർവകലാശാലയിൽ നാല് വർഷ ബിരുദ കോഴ്സിന്റെ ഭാഗമായി പൂർത്തീകരിച്ച ബിരുദപഠന കേന്ദ്രം 'തരംഗിണി' ഉച്ചക്ക് മന്ത്രി ഡോ. R ബിന്ദു ഉദ്ഘാടനം ചെയ്യും.

90 ലക്ഷം രൂപ ചെലവിലാണ് കെട്ടിടം നിർമ്മിച്ചത്.

✪✪✪

കോഴിക്കോട് ഒളവണ്ണയിലെ ടോൾ പ്ലാസയിൽ ചിലർ മനഃപൂർവ്വം പ്രശ്നങ്ങളുണ്ടാക്കി പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുകയാണെന്ന് ഒളവണ്ണ പ്ലാസ ജനറൽ മാനേജർ ആരോപിച്ചു. ഇത് ജീവനക്കാർക്കും, റോഡ് ഉപയോഗിക്കുന്നവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതിയിൽ പറയുന്നു.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ, നിമിഷ*
*DEO: ഷീബ*